## കേരള സ്റ്റേറ്റ് കോ – ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം


പി.ബി.നമ്പർ-427, ഏഴാം നില, ജവഹർ സഹകരണ ഭവൻ, DPI ജംഗ്ഷൻ, തൈക്കാട് .പി.ഒ,
തിരുവനന്തപുരം-695 014, ഫോൺ-0471-2333300.
വെബ്സൈറ്റ് - www.kscewb.kerala.gov.in ഇ- മെയിൽ - secretary.kscewb.tvm@gmail.com
റീജിയണൽ ഓഫീസ് : 1) പി ബി നമ്പർ. 76, പീക്കേ കോംപ്ലക്സ്, അണ്ടർബ്രിഡ്ജിന് സമീപം, മുനീശ്വരൻ കോവിൽ റോഡ്, കണ്ണൂർ-1, ഫോൺ- 0497-2708370
2) പി ബി നമ്പർ. 106, സനഡു-ശില്പം ബിൽഡിംഗ്, മോത്തിമഹൽ റസിഡൻസിക്ക് സമീപം പടിഞ്ഞാറേച്ചിറ, എം.ജി. റോഡ്, തൃശൂർ- 680001, ഫോൺ- 0487-2444266
3) കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ബിൽഡിംഗ്, ഗാന്ധി നഗർ, കടവന്ത്ര .പി.ഒ, കൊച്ചിൻ -20, എറണാകുളം, ഫോൺ- 0484-2205693.
4) പി.ബി.നമ്പർ-427, ഏഴാം നില, ജവഹർ സഹകരണ ഭവൻ, DPI ജംഗ്ഷൻ, തൈക്കാട് .പി.ഒ, തിരുവനന്തപുരം-695 014, ഫോൺ-0471-2333336.


**No.WB/G/892/2023** തീയതി.01-03-2024

### സർക്കുലർ നമ്പർ :01/2024

വിഷയം : കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്- അംഗങ്ങളായ സഹകരണ സംഘം ജീവനക്കാരുടെ ആനുകൂല്യങ്ങളും, വിഹിതവും വർദ്ധിപ്പിച്ചത് സംബന്ധിച്ച്:-

സൂചന : സർക്കാരിന്റെ 22/02/2024 തീയതിയിലെ ജി. ഒ (ആർ.ടി) 121/2024 (സഹകരണം) നമ്പർ ഉത്തരവ്

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർക്ക് നൽകിവരുന്ന മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം എന്നിവ വർദ്ധിപ്പിച്ചുകൊണ്ടും സഹകരണ സംഘം ജീവനക്കാരുടെ മക്കളിൽ വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്ക് നൽകുന്ന ക്യാഷ് അവാർഡിന്റെ ഘടനയിൽ മാറ്റം വരുത്തി വിവിധ കോഴ്സുകൾക്ക്കൂടി ക്യാഷ് അവാർഡ് ഏർപ്പെടുത്തിയും സേവനത്തിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ മക്കളുടെ 18 വയസ്സുവരെയുള്ള വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് ഏർപ്പെടുത്തിയും ക്ഷേമബോർഡിലേയ്ക്ക് ഒടുക്കേണ്ട പ്രതിമാസ വിഹിതം വർദ്ധിപ്പിച്ചുകൊണ്ടും സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) **ക്ഷേമബോർഡ് വിഹിതം**

2017 ആഗസ്റ്റ് മാസം മുതൽ ജീവനക്കാരുടെ വിഹിതം 130/-രൂപയും സ്ഥാപനത്തിന്റെ വിഹിതം 130/-രൂപയും ചേർത്ത് ആകെ 260/-രൂപ ക്ഷേമബോർഡ് വിഹിതം ഒടുക്കിയിരുന്നത് ചുവടെ പറയുന്ന പ്രകാരം വർദ്ധനവ് വരുത്തിയിട്ടുണ്ട്.

അടിസ്ഥാന ശമ്പളം(Basic Pay)/മൊത്തശമ്പളം(Consolidated Pay)15000/-രൂപയും അതിനു മുകളിലുമുള്ള ജീവനക്കാരുടെ വിഹിതം 250/-രൂപയായും 15000/-രൂപയ്ക്ക് താഴെയുള്ളവരുടെ വിഹിതം 150/-രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം രണ്ട് വിഭാഗത്തിലുമുള്ള ജീവനക്കാരുടെ സ്ഥാപനത്തിന്റെ വിഹിതം നിലവിലുള്ള 130/-രൂപയിൽനിന്നും 150/-രൂപയായും ഉയർത്തിയിട്ടുണ്ട്. അതായത് 15000/-രൂപയ്ക്ക് താഴെ വേതനം വാങ്ങുന്നവർ ബോർഡിലേയ്ക്ക് ഒടുക്കേണ്ട ആകെ വിഹിതം 300/-രൂപയും 15000/-രൂപയ്ക്ക് മുകളിലുള്ളവരുടെ വിഹിതം 400/-രൂപയുമാണ്. വർദ്ധിപ്പിച്ച നിരക്കിലുള്ള വിഹിതം 2024 ഫെബ്രുവരി മാസം മുതൽ പ്രാബല്യത്തിൽ ബോർഡിലേയ്ക്ക് ഒടുക്കേണ്ടതാണ്.

2) **മരണാനന്തര ധനസഹായം**

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർ സേവനത്തിലിരിക്കെ മരണമടഞ്ഞാൽ അവരുടെ ആശ്രിതർക്ക് നൽകിവരുന്ന മരണാനന്തര ധനസഹായം 2,50,000/-രൂപ എന്നത് 3,00,000/-രൂപയായി വർദ്ധിപ്പിച്ചു.

3) **ചികിത്സാ ധനസഹായം**

ബോർഡ് ചട്ടത്തിലെ രോഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചികിത്സക്ക് വിധേയരാകുന്ന ജീവനക്കാർക്ക് 1,25,000/-രൂപ അനുവദിച്ചിരുന്നത് 1,50,000/-രൂപയായും, 75,000/-രൂപയുടെ ചികിത്സാ സഹായം 1,00,000/-രൂപയായും വർദ്ധിപ്പിച്ചു. ഇത് പ്രകാരമുള്ള പട്ടികയിലെ ചികിത്സകൾക്ക് ജീവനക്കാരുടെ ആശ്രിതർ വിധേയരായാൽ അനുവദിച്ചിരുന്ന തുക 40,000/-രൂപയിൽനിന്നും 50,000/-രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

ജീവനക്കാരുടെ ചികിത്സയ്ക്ക് മാത്രമായി 25000/-രൂപ ധനസഹായം അനുവദിച്ചിരുന്നത് പരമാവധി 30,000/-രൂപയായും, 15,000/-രൂപ നൽകിവന്നിരുന്നത് പരമാവധി 20,000/-രൂപയായും വർദ്ധിപ്പിക്കുകയും, ചികിത്സയ്ക്ക് ചെലവായ ആകെ തുകയോ പരമാവധിയോ ഏതാണോ കുറവ് ആ തുക എന്ന നിബന്ധനയ്ക്ക് വിധേയമായിട്ടായിരിക്കും ഈ ചികിത്സാ സഹായം അനുവദിക്കുന്നത്.

4) വിദ്യാഭ്യാസ ക്യാഷ് അവാർഡുകൾ

State, CBSE, ICSE, ISC സിലബസുകളിൽ 10th , 12th, THSLC/VHSE ക്ലാസുകളിൽ എല്ലാ വിഷയങ്ങൾക്കും A+ Grade/Grade-1/A1 നേടിയ വിദ്യാർത്ഥികൾക്ക് 10000/-രൂപയും HDC & BM, JDC, സഹകരണം ഐശ്ചികമായ ബിരുദം/ബിരുദാനന്തര ബിരുദം എന്നിവയ്ക്ക് സംസ്ഥാനതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് യഥാക്രമം 10000/-, 7000/-, 5000/-രൂപയും ഇന്ത്യയിലെ സർവ്വകലാശാല കളിൽനിന്നും B.Tech, M.Tech, BSc-നഴ്സിംഗ്, MSc-നഴ്സിംഗ് കോഴ്സുകളിൽ സംസ്ഥാനതലത്തിൽ ഉയർന്ന മാർക്ക്/ഗ്രേഡ് കരസ്ഥമാക്കിയവർക്ക് 15000/-രൂപയും MBBS, BDS, BAMS, BHMS, BVSc എന്നിവയ്ക്കും അവയുടെ ബിരുദാനന്തര കോഴ്സുകൾക്കും 25000/-രൂപയും ക്യാഷ് അവാർഡായി അനുവദിച്ചുകൊണ്ടും ഇന്ത്യയിലെ സർവ്വകലാശാലകളിൽനിന്നും ബിരുദം/ബിരാദാനന്തര കോഴ്സുകളിൽ സംസ്ഥാനതലത്തിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കിയ അതാത് വിഭാഗത്തിലെ ഒരു വിദ്യാർത്ഥിക്ക് 10000/-രൂപയുടെ ക്യാഷ് അവാർഡ് പുതിയതായി ഏർപ്പെടുത്തിയും ചട്ടം പുനഃക്രമീകരിച്ചു. അതനുസരിച്ച് 90% മാർക്ക് നേടിയ 10th, 12th, CBSE, ICSE, ISC വിദ്യാർത്ഥികളെ ക്യാഷ് അവാർഡിന് പരിഗണിക്കുന്നതല്ല. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 'A' Grade നേടിയവർക്കും സ്പോർട്സ്/ഗയിംസ് മത്സരങ്ങളിൽ സംസ്ഥാന/ ദേശീയതലത്തിൽ മികവ് നേടിയ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കുമുള്ള 5000/-രൂപയുടെ ക്യാഷ് അവാർഡ് അപ്രകാരംതന്നെ നിലനിർത്തിയിട്ടുണ്ട്.

5) സ്കോളർഷിപ്പ്

സേവനത്തിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ മക്കളുടെ 18 വയസ്സ് പൂർത്തിയാകുന്നതുവരെയുള്ള തുടർ വിദ്യാഭ്യാസത്തിന് ഭരണസമിതി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന തുക വാർഷിക സ്കോളർഷിപ്പ് പുതുതായി ഏർപ്പെടുത്തി ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

6) ബോർഡിലെ അംഗത്വം

ബോർഡിൽ അംഗമാകുന്നതിനായി സമർപ്പിക്കേണ്ട Annexure-I പ്രകാരമുള്ള ഓപ്ഷൻ ഫാറത്തിൽ സ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവിന്റെ ഒപ്പും, സംഘത്തിന്റെ ഭരണനിയന്ത്രണ ചുമതലയുള്ള താലൂക്ക്/ജില്ല/സംസ്ഥാനതല സർക്കാർ ഉദ്യോഗസ്ഥന്റെ മേലൊപ്പും (Countersign) ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്തു. ഈ ഭേദഗതികൾ ഉൾപ്പെടുത്തി Annexure -I, Annexure -IV ഫാറങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്.


സൂചന സർക്കാർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള വെൽഫെയർ ബോർഡ് വിഹിതം ഒടുക്കേണ്ടത് 2024 ഫെബ്രുവരി മാസം മുതലും പുതിയതായി ഏർപ്പെടുത്തിയതും വർദ്ധിപ്പിച്ചതുമായ ആനുകൂല്യങ്ങൾക്ക് 22-02-2024 മുതലും പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി-ട്രഷറർ

ഉള്ളടക്കം : Annexure -I, Annexure -IV ഫാറങ്ങൾ

ആജ്ഞാനുസരണം



അസിസ്റ്റന്റ് രജിസ്ട്രാർ/മാനേജർ

പകർപ്പ്;

1) എല്ലാ സഹകരണ സംഘങ്ങൾക്കും(ഭരണനിയന്ത്രണ ചുമതലയുള്ള താലൂക്ക്/ജില്ല/ സംസ്ഥാനതല ഓഫീസുകൾ മുഖേന)
2) വെൽഫെയർ ബോർഡിന്റെ എല്ലാ റീജിയണൽ ഓഫീസുകൾക്കും
3) ഔദ്യോഗിക വെബ്സൈറ്റ്.

ANNEXURE – I

# FORM OF OPTION TO THE KERALA STATE CO-OPERATIVE EMPLOYEES' WELFARE BOARD

[Vide Rule-19 (a)]

| | |
|---|---|
| **Name of the employee** | : |
| **Designation** | : |
| **Address of the Employee** | : |
| **Date of birth** | : |
| **Date of entry in service** | : |
| **Date of option to the scheme** | : |
| **Date of Retirement** | : |
| **Aadar No.** | : |
| **Mobile Number of the Employee** | : |
| **Name and Address of the Institution** | : |
| **Phone/ Mobile No of Institution** | : |
| **Date and No. of resolution** | : |
| **Signature of the Employee** | : |

**We hereby agree to collect and remit the employee's premium as well as the contribution of the Institution with effect from the date of joining in service.**

**Place :**
**Date :** (Office Seal)

**Signature**
**President of the Institution**

**Signature**
**Chief Executive of the Institution**

**Place:**
**Date:** (Office Seal)

**Countersigned by**
**Head of department / District / Taluk Level Officer of the Concerned Administrative Department of Government**

ANNEXURE – IV

## STATEMENT SHOWING THE AMOUNT RECOVERED AND REMITTED IN THE KERALA STATE CO-OPERATIVE BANK Ltd ........................................BRANCH FOR THE MONTH...........................................

Name and address of the institution :

Code No. of the institution :

Phone / Mobile No of institution :

DETAILS OF RECOVERY

| Sl.No | Full name of the employee | Code No. of the employee | Month to which the recovery relates | Basic Pay / Consolidated Pay of the employee | Amount of Contribution | | |
|---|---|---|---|---|---|---|---|
| | | | | | By the employee | By the employer | Total contribution |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| | | | | | | | |
| | TOTAL | | | | | | |

Signature of the Chief Executive with seal

FOR USE IN THE KERALA STATE CO-OPERATIVE BANK

Name of Branch of the Kerala State Co-operative Bank Ltd :

Amount remitted with the details (Chelan No : ...................... date: .................... amount: ..................)

(Seal of the KSCB Ltd)

Signature of Branch Manager

---

(For use in the office of the Secretary – Treasurer of the Board)

Date of entry in the ledger

Accountant